"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- ശ്രീ.രവി ടി.കെ. മുതലായവർ ഫയൽ ചെയ്ത OA (EKM) 558/2025 - ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 10/04/2025 - ൽ പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1840/2025/H&FWD തീയതി,തിരുവനന്തപുരം, 03-07-2025

---

പരാമർശം:-

1. 18/03/2019-ലെ സ.ഉ(കൈ).നം.44/2019/ആ.കു.വ
2. ശ്രീ.രവി ടി.കെ. അടക്കമുള്ള 18 ജീവനക്കാരുടെ 15/03/2025-ലെ അപേക്ഷ.
3. OA(EKM) 558/2025 ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 10/04/2025-ൽ പുറപ്പെടുവിച്ച ഉത്തരവ്.
4. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 10-06-2025-ലെ എൻ സി 4/3194/2025/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

നിലവിൽ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കരാർ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ജീവനക്കാരായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ.രവി ടി.കെ. മുതലായവർ മുൻ പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ നിന്നുള്ള ജീവനക്കാരുടെ ആഗീരണത്തിന്റെ ഭാഗമായി ടിയാളുകളെ കൂടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ആഗീരണം ചെയ്യണമെന്ന ആവശ്യവുമായി ഫയൽ ചെയ്ത OA (EKM) 558/2025 -ൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ അപേക്ഷകർ സമർപ്പിച്ച നിവേദനത്തിന്മേൽ (Annexure A2) ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി 2 മാസത്തിനകം ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദ്ദേശിക്കുകയുണ്ടായി.

2)ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഹർജ്ജിക്കാരായ ശ്രീ.രവി ടി.കെ. മുതലായവർ സമർപ്പിച്ച നിവേദനം (Annexure A2) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും, നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

3)മുൻ പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും 2019 -ലെ 13 ആം നമ്പർ ആക്റ്റ് പ്രകാരം ഏറ്റെടുത്ത് 02/03/2019 പ്രാബല്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ഭരണ നിയന്ത്രണത്തിൽ കീഴിൽ കൊണ്ടുവരികയുണ്ടായി . ടി ആക്ടിലെ സെക്ഷൻ 12 പ്രകാരം ബോർഡ്

ഓഫ് കൺട്രോളിനെ നിയമിച്ച് ഉത്തരവാകുന്നതിന് മുൻപ് മുൻ പരിയാരം മെഡിക്കൽ കോളേജിൽ ജോലി ചെയ്തിരുന്നവരുടെ സേവനം അതേ വ്യവസ്ഥകളോടെയും അതേ കാലാവധിയോടെയും സർക്കാർ ഇതിലേക്കായി പുറപ്പെടുവിക്കുന്ന ഉത്തരവ് വരെ ആക്ടിന്റെ പ്രബാല്യത്തിനു ശേഷവും തുടരും എന്ന് വ്യവസ്ഥ ചെയ്തിരുന്നു. പ്രസ്തുത വ്യവസ്ഥ പ്രകാരമാണ് സ്ഥാപനം ഏറ്റെടുക്കുമ്പോൾ ജോലി ചെയ്തിരുന്ന ജീവനക്കാർ ഇപ്പോഴും ജോലിയിൽ തുടരുന്നത്.

4) 02/03/2019 - ന് മുൻ പരിയാരം മെഡിക്കൽ കോളേജിൽ ജോലി ചെയ്തിരുന്ന എല്ലാ സ്ഥിരം റെഗുലർ ജീവനക്കാരെയും സർക്കാർ സർവീസിലേക്ക് ഏറ്റെടുക്കുമെന്ന് പരാമർശം (1) ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ആയതിൻ പ്രകാരം ഏറ്റെടുക്കാനുള്ള സ്ഥിരം/റെഗുലർ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ അദ്ധ്യാപകർ, ദന്തൽ അദ്ധ്യാപകർ, ഫാർമസി അദ്ധ്യാപകർ, നഴ്സിംഗ് അദ്ധ്യാപകർ, നഴ്സിംഗ് ജീവനക്കാർ, പാരാമെഡിക്കൽ ജീവനക്കാർ, നഴ്സിംഗ് അസിസ്റ്റന്റ്/ട്രോളി വർക്കേഴ്സ്, നോൺടീച്ചിംഗ് ദന്തൽ എന്നീ വിഭാഗം ജീവനക്കാർക്ക് വേണ്ടി തസ്തികൾ സൃഷ്ടിക്കുകയും ചെയ്തിരുന്നു. പ്രസ്തുത തസ്തികകളിലേക്ക് ടി ജീവനക്കാരെ ആഗീരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്.

5) ഏറ്റെടുക്കൽ തീയതിയിൽ കരാർ/ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ ഏറ്റെടുക്കുന്നതിനായി തസ്തികകൾ സൃഷ്ടിച്ചിരുന്നില്ല. ഏറ്റെടുക്കൽ ആക്ടിലെ സെക്ഷൻ 12 ലെ വ്യവസ്ഥകൾ പ്രകാരമാണ് ടി ജീവനക്കാർ ഇപ്പോഴും ജോലിയിൽ തുടർന്ന് വരുന്നത് .ബഹു.ട്രിബ്യൂണലിന്റെ ഉത്തരവിന് ആധാരമായ വ്യവഹാരത്തിലെ കക്ഷികൾ എല്ലാവരും മുൻ പരിയാരം മെഡിക്കൽ കോളേജിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ സെക്യൂരിറ്റി ഗാർഡ് ആയി ജോലി ചെയ്തിരുന്നവരായതിനാൽ ടി ജീവനക്കാരെ ഏറ്റെടുക്കുന്നതിന് വേണ്ടി തസ്തികകൾ സൃഷ്ടിച്ചിരുന്നില്ല. കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ സെക്യൂരിറ്റി ഗാർഡ് തസ്തിക നിലവിലില്ലാത്തതാണ് . വകുപ്പിന്റെ കീഴിലുള്ള എല്ലാ ആശുപത്രികളിലും എച്ച് ഡി എസ് മുഖേനയോ മറ്റ് സ്കീമുകളുടെ ഭാഗമായോ കരാർ അടിസ്ഥാനത്തിലാണ് സെക്യൂരിറ്റി ഗാർഡ്മാരെ നിയമിച്ചിട്ടുള്ളത്. കൂടാതെ പല സ്ഥാപനങ്ങളിലും ടി തസ്തികകൾ ഔട്ട്സോഴ്സ് ചെയ്തിട്ടുമുണ്ട്. കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട ഏറ്റെടുക്കൽ ആക്ടിലെ സെക്ഷൻ 12 അനുസരിച്ച് ടി ജീവനക്കാർ ഇപ്പോഴും കരാർ അടിസ്ഥാനത്തിൽ ജോലിയിൽ തുടരുന്നതായും, ഓരോ വർഷവും 2 ദിവസത്തെ ഇടവേള നൽകി പുനർ നിയമനം നൽകി വരുന്നതായും കണ്ണൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

6. ഈ സാഹചര്യത്തിൽ, ഈ സാഹചര്യത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേക്ക് ആഗീരണം ചെയ്യണമെന്ന കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കരാർ അടിസ്ഥാനത്തിൽ സെക്യൂരിറ്റി ജീവനക്കാരായി സേവനമനുഷ്ഠിച്ചുവരുന്ന OA (EKM) 558/2025 -ലെ ഹർജ്ജിക്കാരായ ശ്രീ.രവി ടി.കെ മുതലായവരുടെ പരാമർശം (2) നിവേദനത്തിലെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ആയത് നിരസിച്ച് സർക്കാർ ഉത്തരവാകുന്നു.

7. OA (EKM) 558/2025 -ൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 10/04/2025- ൽ പുറപ്പെടുവിച്ച ഉത്തരവ് അപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുരളീധരൻ ചെട്ടിയാർ
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ,സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ
ബന്ധപ്പെട്ട ഹർജ്ജിക്കാർക്ക്, (കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ മുഖേന)
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എസ് 1/81/2025/ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by സെക്ഷൻ ഓഫീസർ
Sajikumar. K
Date: 03-07-2025 14:33:58